പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2205 08.12.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. യെ ശക്തിപ്പെടുത്തൽ

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ :
" ഐ.സി. ബാലകൃഷ്ണൻ :
" വർക്കല കഹാർ :
" വി.പി. സജീന്ദ്രൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹികപ്രതിബദ്ധത നിലനിർത്തിക്കൊണ്ട് സ്വന്തം നിലയ്ക്ക് വരുമാനം വർദ്ധിപ്പിക്കുവാൻ കെ.എസ്.ആർ.ടി. സി. എന്തൊക്കെ നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ വരുമാനം സ്വന്തം നിലയ്ക്ക് വർദ്ധിപ്പിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടും, കെ.എസ്.ആർ.ടി.സി.യെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റണമെന്ന ഉദ്ദേശ്യത്തോടെയും തയ്യാറാക്കിയ പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു;<br>1) നഷ്ടത്തിൽ ഓടിയിരുന്ന 1031 സർവ്വീസുകൾ ക്രമപ്പെടുത്തി നഷ്ടം ഉണ്ടാകാത്ത തരത്തിൽ ഓടിച്ചു തുടങ്ങി. ഇതുമൂലം കോർപ്പറേഷന്റെ വരവ് ചെലവ് അന്തരം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു.<br>2) റിസർവേഷൻ സൗകര്യം കൂടുതൽ മെച്ചമാക്കി.<br>3) പ്രസ്തുത പാക്കേജിലെ വ്യവസ്ഥ പ്രകാരം സൂപ്പർ ക്ലാസ് ബസുകൾ ഓടിക്കേണ്ടതുണ്ട്. ആയതിലേക്ക് 750 ലൈലാൻഡ് ഷാസികൾക്ക് ടെൻണ്ടർ നൽകി.<br>4) ബസ് യാത്രക്കാർക്കായി ഇൻഷ്വറൻസ് സെസ് നടപ്പാക്കുന്നതിലൂടെ കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുവാൻ പദ്ധതി ആവിഷ്കരിച്ചു.<br>5) വരുമാന ചോർച്ച തടയുന്നതിന് ജിപിആർഎസ് സൗകര്യത്തോടു കൂടിയ ഇറ്റിഎം ഘട്ടം ഘട്ടമായി എല്ലാത്തരം സർവ്വീസുകളിലും നടപ്പാക്കും.<br>6) യാത്രക്കാർക്കായി RFID (Radio Frequency Identity) നടപ്പിൽ വരുത്തും. ഇതുമൂലം കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസുകളിലേക്ക് ആകർഷിക്കുവാൻ കഴിയും. |

| | | | |
|---|---|---|---|
| | | | 7) നിലവിൽ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നുമുള്ള കടം മുഴുവനായി പൊതു മേഖലാ ബാങ്കുകളിലേക്ക് മാറ്റുന്നതോടെ വായ്പാ തിരിച്ചടവ് പ്രതിമാസം 43 കോടി രൂപയിൽ നിന്നും 15-20 കോടി രൂപയായി കുറയുകയും കാഷ് ഇൻഫ്ളോ വർദ്ധിക്കുകയും ചെയ്യും.<br>8) സാദ്ധ്യമായ ഡിപ്പോകളിലെല്ലാം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കുവാനും പദ്ധതിയുണ്ട്.<br>9) ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയിൽ എത്തിക്കുവാൻ നടപടികൾ എടുത്തു വരുന്നു. |
| (ബി) | മറ്റു ചില സംസ്ഥാനങ്ങളിലെ ട്രാൻസ്പോർട്ട് കോർപ്പറേഷൻ സ്വകാര്യവത്ക്കരിക്കുകയോ, പൂട്ടുകയോ ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | കെ.എസ്.ആർ.റ്റി.സി.യെ ശക്തിപ്പെടുത്തുവാൻ സ്വീകരിച്ചിട്ടുള്ള പുനരുജ്ജീവനപദ്ധതികൾ വ്യക്തമാക്കുമോ? | (സി) | സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കെ.എസ്.ആർ.ടി.സി.യെ കരകയറ്റുന്നതിനായിട്ടുള്ള പുനരുദ്ധാരണ പാക്കേജ് പ്രകാരം വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, കൊറിയർ പാഴ്സൽ സർവീസ് എന്നീ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതികൾ നടപ്പിലാക്കുന്നതിനായിട്ടുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ